# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## ഓർമ്മകൾ മരിക്കില്ല. നന്ദിയോടെ കഠിനാദ്ധ്വാനം ചെയ്തു ജീവിക്കുക പാപ്പാ



ഓർമ്മകൾ മരിക്കില്ല. കാരണം അവ നന്ദിയുടെ നല്ല വികാരത്തിൽനിന്നും ഉയിർക്കൊള്ളുന്നതാണ്. ദൈവം തന്ന നിരവധിയായ നന്മകളുടെയും ജീവിതവഴികളുടെയും ഓർമ്മകൾ അനിവാര്യമാണ്.

സെപ്തംബർ 24, 25 ബുധൻ, വ്യാഴം ദിവസങ്ങളിൽ പാപ്പാ ഫ്രാൻസിസ് അമേരിക്കയുടെ തലസ്ഥാനനഗരം സന്ദർശിച്ചു. വ്യാഴാഴ്ച വൈകുന്നേരം ന്യൂയോർക്ക്നഗരത്തിൽ പാപ്പാ എത്തിച്ചേർന്നു. മൻഹാറ്റനിൽ സ്ഥിതിചെയ്യുന്ന സെന്റ് പാട്രിക് ഭദ്രാസന ദേവാലയത്തിൽ ന്യൂയോർക്ക് അതിരൂപതയിലെ വിശ്വാസികൾ, മെത്രാന്മാർ, വൈദികർ, സന്യസ്തർ എന്നിവർക്കൊപ്പം പാപ്പാ സ്വയാഹ്നപ്രാർത്ഥന ചൊല്ലി, വചന സന്ദേശവും നൽകി.

അമേരിക്കയിലും ലോകമെമ്പാടുമുള്ള മുസ്ലിം സഹോദരങ്ങൾക്ക് ബലിപ്പെരുന്നാളിന്റെ അല്ലെങ്കിൽ ബക്രീദിന്റെ ആശംസകൾ നേർന്നുകൊണ്ടാണ് പാപ്പാ പ്രഭാഷണം ആരംഭിച്ചത്. കൂടാതെ അന്നേദിവസം , സെപ്റ്റംബർ 25-ാം തീയതി വ്യാഴാഴ്ച മെക്കയിൽ സംഭവിച്ച അപകടത്തിൽ മരണമടഞ്ഞവരെയും മുറിപ്പെട്ടവരെയും പാപ്പാ ഖേദപൂർവ്വം അനുസ്മരിച്ചു.

സന്തോഷത്തോടെ ജീവിക്കുക (പത്രോസ് 1,6) എന്ന പത്രോസ്ശ്ലീഹായുടെ ലേഖനത്തിലെ ചിന്ത ക്രൈസ്തവജീവിതത്തിന്റെ വിളിയാണ്. വിശുദ്ധ പാട്രിക്കിന്റെ നാമത്തിലുള്ള ദേവാലയത്തിന്റെ നിർമ്മാണത്തിലും അതിന്റെ പൂർത്തീകരണത്തിനും ആയിരങ്ങൾ അർപ്പിച്ചിട്ടുള്ള ത്യാഗസമർപ്പണത്തെ പാപ്പാ അനുസ്മരിച്ചു. മെത്രാന്മാരും വൈദികരും മാത്രമല്ല, എത്രയോ അൽമായരും സന്നദ്ധസേവകരും കഠിനാദ്ധ്വാനം ചെയ്തതിന്റെ ഫലമാണ് ദൈവത്തിനായി ഉയർത്തപ്പെട്ട ഈ മനോഹരസൗധം! അതുപോലെ ന്യൂയോർക്കിന്റെ നല്ല വിദ്യാഭ്യാസരീതിക്ക് ത്യാഗപൂർവ്വം തുടക്കമിട്ട വിശുദ്ധ എലിസബത്ത് ആൻ ഷിറ്റൺ, വിശുദ്ധ ജോൺ ന്യൂമാൻ എന്നിവരെയും അവരെപ്പോലെ നിശ്ശബ്ദസേവനംചെയ്ത മറ്റ് നിരവധി വ്യക്തികളെയും പാപ്പാ നന്ദിയോടെ അനുസ്മരിച്ചു.

"മറ്റുള്ളവർക്ക് ഉതപ്പുനൽകുന്ന വിധത്തിൽ നമ്മിൽ ചിലർ ദുർബലരായവരെ പീഡിപ്പിച്ച സംഭവത്തിന്റെ വേദനയും അപമാനവും ഇനിയും നമുക്ക് മറക്കാനാവുന്നതല്ല." നിങ്ങൾ ഞെരുക്കത്തിൽനിന്നു വന്ന സമൂഹമാണ് എന്ന വെളിപാടു ഗ്രന്ഥത്തിലെ വചനം പാപ്പാ അനുസ്മരിച്ചു (

വെളിപാട് 7, 14) തിന്മയുടെ പാതവെടിഞ്ഞ് ക്രിസ്തുവിനോടും അവിടുത്തെ സഭയോടും വിശ്വസ്തരായി ഉത്തരവാദിത്തപ്പെട്ടവർ ജീവിക്കാൻ പരിശ്രമിക്കണമെന്നും അതിനായി താൻ പ്രാർത്ഥിക്കുന്നുണ്ടെന്നും പാപ്പാ പ്രസ്താവിച്ചു. സഹൃദയരുടെയും അഭ്യുദയകാംക്ഷികളുടെയും ഔദാര്യത്താൽ അറ്റകുറ്റപ്പണികൾ തീർക്കുകയും നവീകരിക്കുകയും ചെയ്ത ഭദ്രാസനദേവാലയം ആശീർവ്വദിക്കണമെന്ന് പാപ്പായോട് കർദ്ദിനാൾ ഡോലൻ താഴ്മയായി അഭ്യർത്ഥിച്ചു. അൾത്താരയിൽ നിന്നുകൊണ്ട് ഹ്രസ്വമായ ആശീർവ്വാദക്രമം ഉപയോഗിച്ചുകൊണ്ട് പാപ്പാ ദേവാലയത്തെ ആശീർവദിച്ചു. അതോടെ ന്യൂയോർക്ക് കത്തീഡ്രൽ ദേവാലയത്തിലെ സായാഹ്ന പ്രാർത്ഥന സമാപിച്ചു. ഒപ്പം പാപ്പായുടെ അപ്പസ്തോലികയാത്രയുടെ ഏഴാം ദിവസം സമാപിച്ചു.

കർദ്ദിനാൾ ഡോളനോടും മറ്റു സമാദ്ധ്യക്ഷന്മാരോടും വിശ്വാസസമൂഹത്തോടും യാത്രപറഞ്ഞ്, യുഎന്നിലെ വത്തിക്കാന്റെ സ്ഥിരം നിരീക്ഷകന്റെ വസതിയിലേക്ക് പാപ്പാ കാറിൽ യാത്രയായി. അത്താഴം കഴിച്ച് അവിടെ വിശ്രമിച്ചു.